**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2873** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ക്ഷേമത്തിനായി നിലവിൽ വന്ന 1994-ലെ സ്വാശ്രയ പെൻഷൻ പദ്ധതി, ഫണ്ട് ദൗർലഭ്യം കാരണം പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പെൻഷൻ പദ്ധതി പരിഷ്കരണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) | നിലവിൽ പ്രതിമാസം പെൻഷൻ നൽകുന്നതിന് 31.44 കോടി രൂപ ആവശ്യമുണ്ട്. പെൻഷൻ ബോർഡിന് വരുമാന വർദ്ധനവിന് വേണ്ടിയുള്ള മാർഗ്ഗങ്ങൾ പെൻഷൻ പരിഷ്കരണ കമ്മിറ്റിയുടെ പരിഗണനയിലാണ്. പെൻഷൻ പരിഷ്കരണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | പെൻഷൻ പദ്ധതി പരിഷ്കരണ റിപ്പോർട്ട് നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; പരിഷ്കരണ നടപടികൾ വൈകുന്ന പക്ഷം ഇടക്കാല ആശ്വാസം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | 27/06/2023-ലെ സ.ഉ.(സാധാ)നം.388/2023/സഹ ഉത്തരവ് പ്രകാരം സഹകരണ പെൻഷൻ പദ്ധതി കലോചിതമായി പരിഷ്കരിക്കുന്നതിന് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ റിട്ട.ജില്ല ജഡ്ജി അദ്ധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br><br>സഹകരണ പെൻഷൻ പദ്ധതിയിലെ മുഴുവൻ അംഗങ്ങൾക്കും പെൻഷൻ പരിഷ്കരിച്ച് നൽകിയിട്ട് രണ്ടരവർഷം മാത്രമായതിനാലും ഫണ്ടിന്റെ പര്യാപ്തത പരിഗണിച്ച് മാത്രം തുടർന്നുള്ള ഡി.എ. അനുവദിക്കാവൂ എന്ന് മുൻ കമ്മീഷൻ ശിപാർശ സർക്കാർ അംഗീകരിച്ചതിനാലും ഇടക്കാലാശ്വാസം നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | പെൻഷൻ ഫണ്ട് വിപുലീകരിക്കുവാനായി പെൻഷൻ പദ്ധതി ഫണ്ട് നീക്കിയിരിപ്പിന്റെ പത്ത് ശതമാനം തുക സംസ്ഥാന ബജറ്റിൽ വകയിരുത്തണമെന്ന പെൻഷൻ സംഘടനകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | സഹകരണ പെൻഷൻ പദ്ധതി ഒരു സ്വാശ്രയ പെൻഷൻ പദ്ധതി ആകയാൽ സഹകരണ പെൻഷൻ ഫണ്ടിലേക്ക് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തണമെന്ന ആവശ്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ